**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5301** **15-03-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂരിലെ കോൾ നിലങ്ങളിൽ വ്യാപകമായി പടർന്ന് പിടിച്ച ബി.എൽ.ബി. രോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ വർഷം തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ വ്യാപകമായി പടർന്ന് പിടിച്ച ബി.എൽ.ബി. രോഗത്തിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. 2021 -22 സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിലെ പാടശേഖരങ്ങളിൽ വ്യാപകമായി ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ, കുമിൾ രോഗങ്ങളായ നെന്മണിയിലെ നിറവ്യത്യാസം തവിട്ട് പുള്ളിക്കുത്ത് എന്നിവ ബാധിച്ച് വ്യാപകമായ വിളനഷ്ടം ഉണ്ടായിട്ടുണ്ട്. രോഗബാധയുടെ ലക്ഷണങ്ങൾ പാടത്ത് കണ്ടപ്പോൾ തന്നെ കേരള കാർഷിക. സർവകലാശാലയുടെ ശാസ്ത്രജ്ഞരും, കൃഷി വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു Multi Disciplinary Diagnostic Team(MDDT)രൂപീകരിക്കുകയും രോഗബാധ ഉള്ള എല്ലാ പാടശേഖരങ്ങളും സന്ദർശിച്ച അവലോകനം നടത്തുകയും ചെയ്തു.<br><br>സ്ഥല പരിശോധനയുടെയും കർഷകരുമായുള്ള ആശയവിനിമയത്തിന്റെയും വിളയുടെ രോഗബാധയുടെ ലക്ഷണങ്ങളും അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ, കൂടിയ അന്തരിക്ഷ ആർദ്രതയും, മണ്ണിലെ കൂടിയ അമ്ലത്വവും, പൊട്ടാഷ് മൂലകത്തിന്റെ അഭാവവും, കമ്മായ പ്രയോഗത്തിന്റെ അപര്യാപ്തതയുമാണ് നെല്ലിലെ ഈ രോഗങ്ങൾക്ക് കാരണമായത്. |
| (ബി) | പ്രസ്തുത രോഗത്തിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പാടശേഖരങ്ങൾക്ക് വിളവിൽ കുറവുണ്ടായെന്ന് അറിയിക്കാമോ; | (ബി) | ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ് കാരണത്താൽ മണലൂർ മണ്ഡലത്തിൽ വിളവിൽ കുറവുണ്ടായ പാടശേഖരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>1. മണലൂർത്താഴം പാടശേഖരം<br><br>2. മനക്കൊടി വെളുത്തൂർ ഉൾപാടം<br><br>3. ചാലാടി പഴം കോൾ പടവ്<br><br>4. കൈപ്പള്ളി വെളുത്തൂർ ഉൾപാടം<br><br>5. വാരിയം കോൾ പടവ് |

| | | | |
|---|---|---|---|
| | | | 6. മധുക്കര വടക്ക്<br><br>7. മണൽപ്പുഴ<br><br>8. പാറപ്പാടം<br><br>9.കിഴക്കേത്തല<br><br>10. വടക്കേകോഞ്ചിറ<br><br>11. തെക്കേകൊഞ്ചിറ |
| (സി) | കാർഷിക സർവ്വകലാശാല വിദഗ്ധ സംഘത്തിന്റെ നിർദേശ പ്രകാരം ഇതിനെതിരായി നടത്തിയ മരുന്ന് പ്രയോഗം വേണ്ടത്ര ഗുണം ചെയ്തില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ബി.എൽ.ബി. രോഗം ബാധിച്ച് കൃഷി നാശം സംഭവിച്ച കർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ് രോഗം ബാധിച്ച് കൃഷിനാശം സംഭവിച്ച കർഷകർക്ക് താഴെ പറയുംപ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.<br><br>1. മനക്കൊടി വെളുത്തൂർ ഉൾപാടം - Rs.2,13,780/-<br><br>2. മണലൂർത്താഴം പാടശേഖരം- Rs.5,35,360/-<br><br>കൂടാതെ പള്ളിപ്പുറം ആലപ്പാട് കോൾ ഫാമിംഗ് സൊസൈറ്റിക്ക് ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ് രോഗബാധ മൂലമുണ്ടായ വിള നാശത്തിന് 17,86,960/-രൂപ 04/02/2023ന് വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ